# സഫലതയുടെ കാന്തം- മിലനം ചെയ്യുക, മോൾഡ് ചെയ്യുക

സർവ്വരുടെയും സ്നേഹം, സ്നേഹ സാഗരനിലേക്ക് മുഴുകിയിരിക്കുകയാണ്. അതേപോലെ സദാ സ്നേഹത്തിൽ മുഴുകി മറ്റുള്ളവർക്കും സ്നേഹത്തിന്റെ അനുഭവം ചെയ്യിക്കൂ. ബാപ്ദാദ സർവ്വ കുട്ടികളുടെയും സങ്കൽപ്പങ്ങൾ സമാനമാകുന്നതിന്റെ മിലനത്തിന്റെ സമ്മേളനം കണ്ട് ഹർഷിതമായി കൊണ്ടിരിക്കുന്നു. പറന്നു വരുന്ന കുട്ടികൾക്ക് സദാ പറക്കുന്ന കലയുടെ വരദാനം സ്വതവേ പ്രാപ്തമായി കൊണ്ടിരിക്കും. ബാപ്ദാദ വന്നിട്ടുള്ള സർവ്വ കുട്ടികളുടെ ഉണർവ്വും ഉത്സാഹത്തെയും കണ്ട് സർവ്വ കുട്ടികളുടെ മേൽ പുഷ്പങ്ങളുടെ മഴ പെയ്യിക്കുന്നു. സങ്കല്പത്തിൽ സമാന മിലനം, സംസ്ക്കാരത്തിലും ബാബയ്ക്ക് സമാനമായ മിലനം- ഈ മിലനം തന്നെയാണ് ബാബയുമായുള്ള മിലനം. ഇത് തന്നെയാണ് ബാബയ്ക്ക് സമാനമാകുക. സങ്കലപ മിലനം, സംസ്ക്കാര മിലനം- മിലനം ചെയ്യുക തന്നെയാണ് വിനയമുള്ളവരായി നിമിത്തമാകുക. സമീപത്ത് വന്നു കൊണ്ടിരിക്കുന്നു, വരിക തന്നെ ചെയ്യും. സേവനത്തിന്റെ സഫലതയുടെ ലക്ഷണം കണ്ട് ഹർഷിതമായിക്കൊണ്ടിരിക്കുന്നു. സ്നേഹ മിലനത്തിനായി വന്നിരിക്കുകയാണ് സദാ സ്നേഹിയായി സ്നേഹത്തിന്റെ അലകൾ വിശ്വത്തിൽ വ്യാപിപ്പിക്കുന്നതിന്. എന്നാൽ ഓരോ കാര്യത്തിലും ഔദാര്യം വീട്ടിൽ നിന്നും തുടങ്ങണം. ആദ്യം സ്വയം തന്നെയാണ് തന്റെ ഏറ്റവും പ്രിയപ്പെട്ട വീട്. അതിനാൽ ആദ്യം സ്വയത്തിൽ നിന്ന്, പിന്നെ ബ്രാഹ്മണ പരിവാരത്തിൽ നിന്ന്, പിന്നീട് വിശ്വത്തിൽ നിന്ന്. ഓരോ സങ്കലപത്തിലും സ്നേഹം, നിസ്വാർത്ഥമായ സത്യമായ സ്നേഹം, ഹൃദയത്തിന്റെ സ്നേഹം, ഓരോ സങ്കല്പത്തിൽ സഹാനുഭൂതി, ഓരോ സങ്കല്പത്തിൽ ദയ, ദാതാവിന്റെ സ്വാഭാവിക സംസ്ക്കാരമായി മാറണം- ഇതാണ് സ്നേഹ മിലനം, സങ്കല്പ മിലനം, ചിന്തയുടെ മിലനം, സംസ്ക്കാര മിലനം. സർവ്വരുടെ സഹയോഗത്തിന്റെ കാര്യത്തിന് മുമ്പേ സദാ സർവ്വ ശ്രേഷ്ഠ ബ്രാഹ്മണാത്മാക്കളുടെ സഹയോഗം വിശ്വത്തെ സഹജവും സ്വതവേയും സഹയോഗിയാക്കി മാറ്റുന്നു. അതിനാൽ സഫലത സമീപത്ത് വന്നു കൊണ്ടിരിക്കുന്നു. മിലനം ചെയ്യുക, മോൾഡാകുക(അഡ്ജസ്റ്റാകുക) ഇത് തന്നെയാണ് സഫലതയുടെ കാന്തം. വളരെ സഹജമായി ഈ കാന്തത്തിന് മുന്നിൽ സർവ്വ ആത്മാക്കളും ആകർഷിച്ച് വരും.

മീറ്റിംഗിലെ കുട്ടികൾക്കും ബാപ്ദാദ സ്നേഹത്തിന്റെ ആശംസകൾ നല്കി കൊണ്ടിരിക്കുന്നു. സമീപത്താണ്, സദാ സമീപത്തായിരിക്കും. ബാബയുടെ മാത്രമല്ല എന്നാൽ പരസ്പരവും സമീപത്തുള്ള ദൃശ്യം ബാപ്ദാദായെ കാണിച്ചു. മുഴുവൻ വിശ്വത്തിനും ദൃശ്യം കാണിക്കുന്നതിനു മുമ്പേ ബാപ്ദാദായെ കാണിച്ചു. വരാനിരിക്കുന്ന നിങ്ങൾ സർവ്വ കുട്ടികളുടെയും കർമ്മത്തെ കണ്ട്- എന്ത് ആക്ഷൻ എടുക്കണം, സംഭവിക്കണം, അത് സഹജമായി തന്നെ മനസ്സിലാകും. നിങ്ങളുടെ ആക്ഷൻ തന്നെയാണ് ആക്ഷൻ- നല്ല പ്ലാനുകളാണ് ഉണ്ടാക്കിയിട്ടുള്ളത്. ഈ കാര്യം ആരംഭിക്കുന്ന സമയത്ത് ബാപ്ദാദായുടെ വിശേഷ സൂചന ഓരോ വിഭാഗത്തിലുള്ളവരെയും തയ്യാറാക്കുക എന്നതായിരുന്നു, ഇപ്പോഴും ആണ്. അതിനാൽ അങ്ങനെയുള്ള ലക്ഷ്യം വയ്ക്കൂ- ഈ മഹാൻ കാര്യത്തിൽ ഒരു വിഭാഗത്തിലുള്ളവർ പോലും അവശേഷിക്കരുത്, സമയത്തിനനുസരിച്ച് കൂടുതൽ ചെയ്യാൻ സാധിക്കുന്നില്ലായെങ്കിലും സാംപിളിനെ തയ്യാറാക്കണം എന്ന പ്രയത്നം ചെയ്യൂ അഥവാ ലക്ഷ്യം വയ്ക്കൂ. ബാക്കി ഈ കാര്യത്തെ കൂടുതൽ വർദ്ധിപ്പിച്ചു കൊണ്ടിരിക്കും. അതിനാൽ സമയത്തിനനുസരിച്ച് ചെയ്തു കൊണ്ടേയിരിക്കണം. എന്നാൽ സമാപ്തിയെ സമീപത്തേക്ക് കൊണ്ടു വരുന്നതിന് സർവ്വരുടെയും സഹയോഗം ആവശ്യമാണ്. എന്നാൽ ഇത്രയും മുഴുവൻ ലോകത്തിലെ ആത്മാക്കളെ ഒരു സമയത്ത് തന്നെ സമ്പർക്കത്തിൽ കൊണ്ടു വരാൻ സാധിക്കില്ല, അതു കൊണ്ട് നിങ്ങൾക്ക് പെട്ടെന്ന് പറയാൻ സാധിക്കും- ഞങ്ങൾ സർവ്വാത്മാക്കളെ സർവ്വ വിഭാഗങ്ങളുടെയും ആധാരത്തിലൂടെ സഹയോഗിയാക്കി. അതിനാൽ ഈ ലക്ഷ്യം സർവ്വരുടെയും കാരണത്തെ പൂർത്തീകരിക്കുന്നു. ഏതൊരു വിഭാഗത്തിലുള്ളവരുടെയും പരാതി വരരുത്- ചെയ്തു കൊണ്ടിരിക്കുന്നത് എന്താണെന്ന് ഞങ്ങൾക്ക് അറിഞ്ഞു കൂടായിരുന്നു എന്ന്. വിത്ത് പാകൂ. ബാക്കി അഭിവൃദ്ധി, സമയത്തിനനുസരിച്ച്, ചെയ്യാൻ പറ്റുന്ന പോലെ ചെയ്യൂ. ഇത് ഭാരമനുഭവിക്കരുത്, എങ്ങനെ ചെയ്യണം, എത് ചെയ്യണം? എത്രത്തോളം സംഭവിക്കണോ അത്ര മാത്രമേ സംഭവിക്കും. എത്രത്തോളം ചെയ്തുവോ അത്രത്തോളം സഫലതയുടെ സമീപത്തേക്ക് വന്നു. സാംപിൾ തയ്യാറാക്കാൻ സാധിക്കില്ലേ?

ബാക്കി ഭാരതത്തിലെ സർക്കാറിനെ സമീപത്തേക്ക് കൊണ്ടു വരാനുള്ള ശ്രേഷ്ഠ സങ്കലപമെടുത്തു, ആ സമയം സർവ്വരുടെയും ബുദ്ധിയെ സമീപത്ത് കൊണ്ടു വന്നു കൊണ്ടിരിക്കുന്നു അതിനാൽ സർവ്വ ബ്രാഹ്മണ ആത്മാക്കൾ ഈ വിശേഷ കാര്യാർത്ഥം ആരംഭം മുതൽ അന്ത്യം വരെ വിശേഷ ശുദ്ധമായ സങ്കല്പം- സഫലത ലഭിക്കുക തന്നെ വേണം- ഈ ശുദ്ധമായ സങ്കല്പത്തിലൂടെ ബാബയ്ക്ക് സമാനം

വൈബ്രേഷൻ ഉണ്ടാക്കുന്നതിലും, മിലനം ചെയ്യിക്കുന്നതിലും, വിജയത്തിന്റെ നിശ്ചയത്തിന്റെ ദൃഢതയിലൂടെ മുന്നോട്ടുയരൂ. എന്നാൽ വലിയ കാര്യം ചെയ്യുമ്പോൾ സ്ഥൂലത്തിൽ കണ്ടിട്ടുണ്ടാകുമല്ലോ– ഏതെങ്കിലും ഭാരം എടുക്കുമ്പോൾ എന്താണ് ചെയ്യുന്നത്? സർവ്വരും ചേർന്ന് വിരൽ നല്കുന്നു, പരസ്പരം ധൈര്യവും ഉത്സാഹവും വർദ്ധിപ്പിക്കുന്നതിനുള്ള വാക്കുകൾ പറയുന്നു. കണ്ടിട്ടില്ലേ. അതേപോലെ ആരെങ്കിലും നിമിത്തമാകുന്നു പക്ഷെ സദാ ഈ വിശേഷ കാര്യത്തിന് വേണ്ടി സർവ്വരുടെയും സ്നേഹം, സർവ്വരുടെയും സഹയോഗം, സർവ്വരുടെയും ശക്തിയുടെ ഉണർവ്വിന്റെയും ഉത്സാഹത്തിന്റെയും വൈബ്രേഷൻ കുംഭകർണ്ണൻമാരെ നിദ്രയിൽ നിന്നും ഉണർത്തുന്നു. ഈ വിശേഷ കാര്യത്തിന്റെ മേൽ തീർച്ചയായും ശ്രദ്ധ ആവശ്യമാണ്. വിശേഷിച്ച് സ്വയത്തിന്റെ, സർവ്വ ബ്രാഹ്മണരുടെ, വിശ്വത്തിലെ ആത്മാക്കളുടെ സഹയോഗം നേടുക തന്നെയാണ് സഫലതയുടെ സാധനം. ഇതിന്റെ ഇടയിൽ ലേശമെങ്കിലും വ്യത്യാസം വരുന്നുവെങ്കിൽ സഫലതയിൽ വ്യത്യാസം കൊണ്ടു വരുന്നതിന് നിമിത്തമാകുന്നു അതിനാൽ ബാപ്ദാദ സർവ്വ കുട്ടികളുടെയും ധൈര്യത്തിന്റെ ശബ്ദം കേട്ട് ആ സമയത്ത് ഹർഷിതമാകുകയായിരുന്നു, സംഘഠനയിലെ സ്നേഹം കാരണം സ്നേഹത്തിന്റെ റിട്ടേൺ നല്കുന്നതിന് വന്നിരിക്കുന്നു. വളരെ നല്ലതാണ്,  അനേക പ്രാവശ്യം നല്ലതിലും വച്ച് നല്ലതായിട്ടുണ്ട്. അതു കൊണ്ട് ഡബിൾ വിദേശി കുട്ടികൾ ദൂരെ നിന്ന് തന്നെ എവർറെഡിയായി പറക്കുന്നതിന് നിമിത്തമായ വിശേഷ കുട്ടികളെ ബാപ്ദാദ ഹൃദയത്തിലിരുത്തുന്നു. ശരി.

കുമാരിമാർ ബാബയുടേതാണ്– ഒരു ശബ്ദം ഓർമ്മിക്കണം– സർവ്വരിലും ഒന്ന്, ഒരഭിപ്രായം, ഏകരസം, ഒരേയൊരു ബാബ. ഭാരതത്തിലെ കുട്ടികൾക്കും ബാപ്ദാദ ഹൃദയത്തിൽ നിന്നും ആശംസകൾ നല്കിക്കൊണ്ടിരിക്കുന്നു. ഏതു പോലെ ലക്ഷ്യം വച്ചു അതേപോലെ ലക്ഷണം പ്രാക്ടിക്കലിൽ കൊണ്ടു വന്നു. മനസ്സിലായോ? ആരോട് പറയും, ആരോട് പറയില്ല എന്നല്ല– സർവ്വരോടും പറയുന്നു(ദാദിയോട്) നിമിത്തമായവർക്ക് ചിന്തയുണ്ടാകുന്നു. ഇത് തന്നെയാണ് സഹാനുഭൂതിയുടെ ലക്ഷണം. ശരി.

മീറ്റിംഗിൽ പങ്കെടുക്കാനെത്തിയിരിക്കുന്ന സർവ്വ സഹോദരി സഹോദരൻമാരെ ബാപ്ദാദ സ്റ്റേജിൽ വിളിപ്പിച്ചു–  സർവ്വരും ശ്രേഷ്ഠമായ ബുദ്ധി ഉപയോഗിച്ചു. ബാപ്ദാദ ഓരോ കുട്ടിയുടെയും സേവനത്തിന്റെ സ്നേഹത്തെ അറിയുന്നുണ്ട്. സേവനത്തിൽ മുന്നോട്ടുയരുന്നതിലൂടെ നാല് ഭാഗത്തും എത്രത്തോളം സഫലത, ഇതിനെ കേവലം കുറച്ച് ചിന്തിക്കണം, കാണണം. ബാക്കി സേവനത്തിന്റെ താല്പര്യം വളരെ നല്ലതാണ്. രാപകൽ സേവനത്തിനായി ഓടുന്നു. ബാപ്ദാദ പരിശ്രമത്തെയും സ്നേഹത്തിന്റെ രൂപത്തിൽ കാണുന്നു. പരിശ്രമമല്ല ചെയ്തത്, സ്നേഹം കാണിച്ചു. ശരി. നല്ല ഉണർവ്വും ഉത്സാഹവുമുള്ള സാഥിയെ ലഭിച്ചു. വിശാലമായ കാര്യമാണ്, വിശാലമായ ഹൃദയമാണ്, അതിനാൽ വിശാലതയുള്ളയിടത്ത് തീർച്ചയായും സഫലതയുണ്ട്. ബാപ്ദാദ സർവ്വ കുട്ടികളുടെയും സേവനത്തിന്റെ താല്പര്യത്തെ കണ്ട് ദിവസവും സന്തോഷത്തിന്റെ ഗീതം പാടുന്നു. പല പ്രാവശ്യവും ഗീതം കേൾപ്പിച്ചിട്ടുണ്ട്– ആഹാ കുട്ടികളെ ആഹാ...വന്നതിൽ എത്ര രഹസ്യമുണ്ട്, രഹസ്യത്തെ മനസ്സിലാക്കുന്നവരല്ലേ. രഹസ്യത്തിനറിയാം, ബാബയ്ക്കറിയാം.(ദാദി ബാപ്ദാദായ്ക്ക് ഭോഗ് നല്കണം എന്ന ആഗ്രഹം പറഞ്ഞു) ഇന്ന് ദൃഷ്ടിയിലൂടെ മാത്രം സ്വീകരിക്കും. ശരി.

സർവ്വരുടെയും ബുദ്ധി വളരെ നന്നായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു, പരസ്പരം സമീപത്ത് വന്നു കൊണ്ടിരിക്കുന്നില്ലേ! അതിനാൽ സഫലത അതി സമീപത്താണ്. സമീപത സഫലതയെ സമീപത്ത് കൊണ്ടു വരുന്നു. ക്ഷീണിച്ചില്ലല്ലോ? വളരെ ജോലി ലഭിച്ചില്ലേ? എന്നാൽ പകുതി കാര്യം ബാബ ചെയ്യുന്നു. സർവ്വരുടെയും ഉത്സാഹം വളരെ നല്ലതാണ്. ദൃഢതയും ഉണ്ട്. സമീപത എത്ര സമീപത്താണ്? കാന്തം വയ്ക്കൂ എങ്കിൽ സമീപത സർവ്വരുടെയും കഴുത്തിൽ മാല അണിയിക്കും, അങ്ങനെയുള്ള അനുഭവം ഉണ്ടാകുന്നുണ്ടോ? ശരി! സർവ്വതും നല്ലതിലും വച്ച് നല്ലത് തന്നെ.

**ദാദിമാരോട് ഉച്ചരിച്ച അവ്യക്ത മഹാവാക്യം– (31/03/88)**
ബാബ കുട്ടികളോട് നന്ദി പറയുന്നു, കുട്ടികൾ ബാബയോടും. പരസ്പരം നന്ദി പറഞ്ഞ് പറഞ്ഞ് മുന്നോട്ടുയർന്നു, ഇതാണ് മുന്നോട്ടുയരുന്നതിനുള്ള വിധി. ഇതേ വിധിയിലൂടെ നിങ്ങളുടെ സംഘഠന നന്നായിട്ടിരിക്കുന്നു. പരസ്പരം ഹാം ജി പറഞ്ഞു, നന്ദി പറഞ്ഞു, മുന്നോട്ടുയർന്നു, ഈ വിധിയെ സർവ്വരും അനുകരിക്കുകയാണെങ്കിൽ ഫരിസ്ഥയായി മാറും. ബാപ്ദാദ ചെറിയ മാല കണ്ട് സന്തോഷിക്കുന്നു. ഇപ്പോൾ വളയായി, കഴുത്തിലെ മാല തയ്യാറായി കൊണ്ടിരിക്കുന്നു. കഴുത്തിലെ മാല തയ്യാറാക്കുന്നതിൽ മുഴുകിയിരിക്കുന്നു. ഇപ്പോൾ ശ്രദ്ധയുണ്ടായിരിക്കണം. കൂടുതൽ സേവനത്തിലേക്ക് പോകുന്നു അപ്പോൾ സ്വയത്തിലുള്ള ശ്രദ്ധ കുറയുന്നു. വിസ്താരത്തിൽ സാരം ഇടയ്ക്ക് മർജ്ജായി പോകുന്നു, പ്രത്യക്ഷ രൂപ

ത്തിൽ ഉണ്ടാകുന്നില്ല. നിങ്ങൾ തന്നെ പറയുന്നുണ്ട്– ഇത് സംഭവിക്കുക തന്നെ വേണം എന്ന്. അങ്ങനെയൊരു ദിനം വരും, പറയും– സംഭവിക്കേണ്ടത് സംഭവിച്ചു കൊണ്ടിരിക്കുന്നുവെന്ന്. ആദ്യം ദീപങ്ങളുടെ മാല ഇവിടെ തയ്യാറാകും. ബാപ്ദാദ നിങ്ങൾക്ക് ഓരോരുത്തരുടെയും ഉണർവ്വിനെയും ഉത്സാഹത്തെയും വർദ്ധിപ്പിക്കാനുള്ള ഉദാഹരണം മനസ്സിലാക്കി തരുന്നു. നിങ്ങളുടെ ഐക്യം തന്നെയാണ് യജ്ഞത്തിന്റെ കോട്ട. 10 പേരാകട്ടെ, 12 പേരാകട്ടെ എല്ലാം കോട്ടയുടെ മതിലാണ്. അതിനാൽ ബാപ്ദാദയ്ക്ക് എത്ര സന്തോഷമുണ്ടായിരിക്കും! ബാപ്ദാദയുണ്ട്, എന്നാലും നിമിത്തം നിങ്ങളല്ലേ. അതേപോലെ സംഘടനയിലൂടെ, മൂന്നാമത്തെ ഗ്രൂപ്പായാൽ അത്ഭുതം സംഭവിക്കും. ഇപ്പോൾ അങ്ങനെയുള്ള ഗ്രൂപ്പിനെ തയ്യാറാക്കൂ. ആദ്യത്തെ ഗ്രൂപ്പിനെ കുറിച്ച് സർവ്വരും പറയുമായിരുന്നു– ഇവർക്ക് പരസ്പരം എത്ര സ്നേഹമാണ് എന്ന്, സ്വഭാവം വ്യത്യസ്ഥമാണ്, അത് അങ്ങനെയായിരിക്കും എന്നാൽ ബഹുമാനമുണ്ട്, സ്നേഹമുണ്ട്, ഹാം ജിയാണ്, സമയത്ത് സ്വയത്തെ മോൾഡ് ചെയ്യുന്നു, അതിനാൽ ഈ കോട്ടയുടെ മതിൽ വളരെ ശക്തിശാലിയാണ്. അതിനാലാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. അടിത്തറ കണ്ട് സന്തോഷമുണ്ടാകുന്നില്ലേ. ഇതേ പോലെ ശക്തിശാലി ഗ്രൂപ്പുണ്ടായാൽ സേവനം പിന്നാലെ വരും. ഡ്രാമയിൽ വിജയമാല അടങ്ങിയിട്ടുണ്ട്. അതിനാൽ തീർച്ചയായും പരസ്പരം സമീപത്ത് വരും, സമീപത്ത് വന്നു കൊണ്ടിരിക്കും എങ്കിലേ മാല തയ്യാറാകൂ. അതിനാൽ ഉദാഹരണം നല്ലതാണ്. ശരി.

ഇപ്പോൾ മിലനത്തിന്റെ കോട്ട പൂർത്തിയാക്കണം. കേൾപ്പിച്ചില്ലേ– രഥത്തെയും എക്സ്ട്രാ സകാശിലൂടെയാണ് നടത്തിച്ചു കൊണ്ടിരിക്കുന്നത്. ഇല്ലായെങ്കിൽ സാധാരണ കാര്യമൊന്നുമല്ലയിത്. എല്ലാം നോക്കണമല്ലോ. എന്നിരുന്നാലും സർവ്വ ശക്തികളുടെയും ഊർജ്ജത്തിന്റെ ശേഖരണമുണ്ട്, അതിനാൽ രഥവും അത്രയും സഹയോഗം നല്കി കൊണ്ടിരിക്കുന്നു. ശക്തികൾ സമ്പാദിക്കപ്പെടുന്നില്ലായെങ്കിൽ സേവനവും നടക്കില്ല. ഇതും ഡ്രാമയിൽ ഓരോ ആത്മാവിന്റെയും പാർട്ടാണ്. ശ്രേഷ്ഠ കർമ്മത്തിന്റെ പുണ്യം ശേഖരിക്കപ്പെടുന്നത് കാരണം വിശേഷ പാർട്ടുണ്ട്. നിർവ്വിഘ്നമായി രഥം പോകട്ടെ– ഇതും ഡ്രാമയിലെ പാർട്ടാണ്. 6 മാസം കുറച്ചൊന്നുമല്ല. ശരി! സർവ്വരെയും സന്തുഷ്ടമാക്കും.

**അവ്യക്ത മുരളിയിൽ നിന്നും തിരഞ്ഞെടുത്തിട്ടുള്ള കുറച്ച് അമൂല്യ മഹാവാക്യം(ചോദ്യം–ഉത്തരം)**

ചോദ്യം– ഏതൊരു ശബ്ദത്തിന്റെ അർത്ഥ സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നതിലൂടെ സർവ്വ ബലഹീനതകളും സമാപ്തമാകുന്നു?
ഉത്തരം– കേവലം പുരുഷാർത്ഥി എന്ന ശബ്ദത്തിന്റെ അർത്ഥ സ്വരൂപത്തിൽ സ്ഥിതി ചെയ്യൂ. പുരുഷൻ അർത്ഥം ഈ രഥത്തിന്റെ രഥി, പ്രകൃതിയുടെ അധികാരി. ഈ ശബ്ദത്തിന്റെ അർത്ഥ സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നതിലൂടെ സർവ്വ കുറവുകളും സമാപ്തമാകുന്നു. പുരുഷൻ പ്രകൃതിയുടെ അധികാരിയാണ്, അധീനമല്ല. രഥി രഥത്തെ നിയന്ത്രിക്കുന്നവനാണ് അല്ലാതെ രഥത്തിന് അധീനമാകുന്നവനല്ല.

ചോദ്യം– ആദികാലത്തിലെ രാജ്യാധികാരിയാകുന്നതിന് ഏതൊരു സംസ്ക്കാരം ഇപ്പോൾ മുതലേ ധാരണ ചെയ്യണം?
ഉത്തരം– തന്റെ ആദി അവിനാശി സംസ്ക്കാരം ഇപ്പോൾ മുതലേ ധാരണ ചെയ്യൂ. വളരെക്കാലത്തെ യോദ്ധാവിന്റെ സംസ്ക്കാരം ഉണ്ടെങ്കിൽ അർത്ഥം യുദ്ധം ചെയ്ത് ചെയ്ത് സമയം നഷ്ടപ്പെടുത്തിയെങ്കിൽ, ഇന്ന് വിജയിച്ചു നാളെ തോറ്റു. ഇപ്പോളിപ്പോൾ വിജയം, ഇപ്പോളിപ്പോൾ പരാജയം, സദാ വിജയത്തിന്റെ സംസ്ക്കാരമില്ലായെങ്കിൽ ക്ഷത്രിയർ എന്ന് പറയപ്പെടും, ബ്രാഹ്മണർ എന്ന് പറയില്ല. ബ്രാഹ്മണരിൽ നിന്നും ദേവതയാകുന്നു, ക്ഷത്രിയർ ക്ഷത്രിയരായി തന്നെ മാറുന്നു.

ചോദ്യം– വിശ്വ പരിവർത്തകരാകുന്നതിന് മുമ്പേ ഏതൊരു പരിവർത്തനം ചെയ്യുന്നതിന്റെ ശക്തി ഉണ്ടായിരിക്കണം?
ഉത്തരം– വിശ്വ പരിവർത്തകരാകുന്നതിന് മുമ്പ് തന്റെ സംസ്ക്കാരങ്ങളെ പരിവർത്തനപ്പെടുത്തുന്നതിനുള്ള ശക്തി വേണം. ദൃഷ്ടിയും മനോഭാവനയും പരിവർത്തനപ്പെടണം. നിങ്ങൾ ദൃഷ്ടാവായി ഈ ദൃഷ്ടിയിലൂടെ കാണുന്നവരാണ്. ദിവ്യ നേത്രത്തിലൂടെ കാണൂ അല്ലാതെ സ്ഥൂലമായ നേത്രങ്ങളിലൂടെയല്ല. ദിവ്യ നേത്രത്തിലൂടെ കാണുകയാണെങ്കിൽ സ്വതവേ ദിവ്യ രൂപം തന്നെ കാണപ്പെടും. സ്ഥൂല നേത്രങ്ങളിലൂടെ സ്ഥൂല ശരീരമാണ് കാണുന്നത്, ശരീരത്തിന് വേണ്ടി ചിന്തിക്കുന്നു– ഈ കാര്യം ഫരിസ്ഥകളുടേതോ ബ്രാഹ്മണരുടേതോയല്ല.

ചോദ്യം– പരസ്പരം സഹോദരി സഹോദര സംബന്ധമുണ്ടായിട്ടും ഏതൊരു ദിവ്യ നേത്രത്തിലൂടെ കാണു

കയാണെങ്കിൽ ദൃഷ്ടി അഥവാ മനോഭാവന ഒരിക്കലും ചഞ്ചലമാകില്ല?
ഉത്തരം- ഓരോ നാരി ശരീരധാരി ആത്മാവിനെ ശക്തി രൂപം, ജഗത് മാതാവിന്റെ രൂപത്തിൽ, ദേവിയുടെ രൂപത്തിൽ കാണൂ- ഇതിനെ തന്നെയാണ് ദിവ്യ നേത്രത്തിലൂടെ കാണുക എന്ന് പറയുന്നത്.. ദേവിയുടെ മുന്നിൽ ആരെങ്കിലും ആസുരീയ മനോഭാവനയിലൂടെ പോകുകയാണെങ്കിൽ ഭസ്മമായി തീരുന്നു അതിനാൽ നമ്മുടെ സഹോദരി അഥവാ ടീച്ചറല്ല എന്നാൽ ശിവശക്തിയാണ്. മാതാക്കളും സഹോദരിമാരും സദാ തന്റെ ശിവശക്തി സ്വരൂപത്തിൽ സ്ഥിതി ചെയ്യണം. എന്റെ വിശേഷ സഹോദരനാണ്, വിശേഷ വിദ്യാർത്ഥിയല്ല, അവർ മഹാവീരനാണ്, അവർ ശിവശക്തിയാണ്.

ചോദ്യം- മഹാവീരന്മാരുടെ വിശേഷതയെന്താണ് കാണിക്കുന്നത്?
ഉത്തരം- അവരുടെ ഹൃദയത്തിൽ സദാ ഒരേയൊരു രാമനായിരിക്കും. മഹാവീരൻ രാമന്റേതാണെങ്കിൽ ശക്തിയും ശിവന്റേതാണ്. ഏതൊരു ശരീരധാരിയെ കാണുമ്പോൾ മസ്തകത്തിൽ ആത്മാവിനെ കാണൂ. സംസാരിക്കേണ്ടത് ആത്മാവിനോടാണ് അല്ലാതെ ശരീരത്തിനോടല്ല. ദൃഷ്ടി തന്നെ മസ്തക മണിയിലായിരിക്കണം പോകേണ്ടത്

ചോദ്യം- ഏതൊരു ശബ്ദത്തെ ആലസ്യത്തിന്റെ രൂപത്തിൽ ഉപയോഗിക്കരുത്, കേവലം ഒരു ശ്രദ്ധ വയ്ക്കണം, അത് ഏതാണ്?
ഉത്തരം- പുരുഷാർത്ഥി എന്ന ശബ്ദത്തെ ആലസ്യത്തിന്റെ രൂപത്തിൽ ഉപയോഗിക്കരുത്. കേവലം ഈ ശ്രദ്ധ വയ്ക്കൂ- ഓരോ കാര്യത്തിലും ദൃഢ സങ്കല്പമുള്ളവരാകണം. ചെയ്യുന്നതെല്ലാം ശ്രേഷ്ഠ കർമ്മം തന്നെയായിരിക്കണം. ശ്രേഷ്ഠമാകണം. ഓം ശാന്തി.

## വരദാനം- വികാരങ്ങളുടെ വംശത്തിന്റെ അംശത്തെ പോലും സമാപ്തമാക്കുന്ന സർവ്വ സമർപ്പണം അഥവാ ട്രസ്റ്റിയായി ഭവിക്കട്ടെ.

പഴയ സംസ്ക്കാരങ്ങളാകുന്ന സമ്പത്തിനെ ആരാണൊ തന്റെ ആവശ്യത്തിനായി മാറ്റി വയ്ക്കുന്നത് അവരെ മായ ഏതെങ്കിലും രൂപത്തിൽ പിടിക്കുന്നു. പഴയ റജിസ്റ്ററിന്റെ ചെറിയൊരു കഷ്ണത്തിലൂടെയും പിടിക്കപ്പെടുന്നു, മായ വളരെ തീവ്രമാണ്, മായയുടെ കാച്ചിംഗ് പവർ കുറവൊന്നുമല്ല അതിനാൽ വികാരങ്ങളുടെ വംശത്തിന്റെ അംശത്തെ പോലും സമാപ്തമാക്കൂ. ലേശം പോലും ഒരു കോണിലും പഴയ ഖജനാക്കളുടെ ലക്ഷണം പോലും ഉണ്ടാകരുത്,  ഇതിനെയാണ് പറയുന്നത് സർവ്വ സമർപ്പണം, ട്രസ്റ്റി അഥവാ യജ്ഞത്തിന്റെ സ്നേഹി സഹയോഗി എന്ന്.

## സ്ലോഗൻ- ആരുടെയെങ്കിലും വിശേഷത കാരണം അവരോട് വിശേഷ സ്നേഹം ഉണ്ടാകുക- ഇതും ആകർഷണമാണ്.